GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR. 52/2025 21.06.2025

**തിരുവാതിര ഞാറ്റുവേലക്ക് നാളെ തുടക്കമാകും: സംസ്ഥാനത്തുടനീളം ഞാറ്റുവേല ചന്തകളും കർഷക സഭകളും സംഘടിപ്പിക്കും.**

തിരുവനന്തപുരം: ഞാറ്റുവേലകളെ അടിസ്ഥാനപ്പെടുത്തിയുള്ള പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്താകമാനം നടപ്പിലാക്കുന്ന ഞാറ്റുവേല ചന്തയും കർഷകസഭകളും പദ്ധതിക്ക് തിരുവാതിര ഞാറ്റുവേലയോടനുബന്ധിച്ച് നാളെ തുടക്കമാകും. പൗരാണിക കാലം മുതൽക്കേ ഞാറ്റുവേല അടിസ്ഥാനമാക്കിയുള്ള കൃഷിരീതികൾക്ക് കേരളത്തിൽ വളരെയധികം പ്രാധാന്യം നൽകി വരുന്നു. അശ്വതി ഞാറ്റുവേല (2025 ഏപ്രിൽ 14) മുതൽ തിരുവാതിര ഞാറ്റുവേല (2025 ജൂലൈ 5) വരെ നീണ്ടുനിൽക്കുന്ന രണ്ടര മാസക്കാലയളവിലാണ് കാർഷിക പ്രാധാന്യമായുള്ള ഞാറ്റുവേലകൾ. അശ്വതി, ഭരണി, കാർത്തിക, രോഹിണി, മകയിരം, തിരുവാതിര എന്നീ ആറ് ഞാറ്റുവേലകളാണ് ഈ കാലയളവിലുള്ളത്. ഇതിൽ തിരുവാതിര ഞാറ്റുവേലയാണ് ഏറ്റവും പ്രധാനം. കാർഷിക വിളകൾ നടുന്നതിനും വിത്ത് പാകുന്നതിനും ഈ കാലയളവ് വളരെ ഉത്തമമാണെന്ന് കരുതപ്പെടുന്നു. ഈ സമയത്ത് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഞാറ്റുവേല ചന്തകൾ. കൃഷി വകുപ്പ് ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾക്ക് മുൻഗണന നൽകിക്കൊണ്ടും കർഷകർക്ക് തമ്മിൽ വിത്ത് കൈമാറ്റത്തിനുള്ള വേദിയായുമാണ് ഞാറ്റുവേല ചന്തകൾ നടപ്പിലാക്കുക. കൃഷി ഭവന്റെ സേവനം താഴെത്തട്ടിൽ ഫലപ്രദമാക്കുക, കാർഷിക വികസനത്തിലും ആസൂത്രണത്തിലും കർഷകരെ പങ്കാളികളാക്കുക, കാർഷിക പദ്ധതികൾ സംബന്ധിച്ച് കൃഷിക്കാരെ ബോധവാന്മാരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ഈ കാലയളവിൽ (ജൂൺ 22 മുതൽ ജൂലൈ 15 വരെ) കർഷകസഭകളും സംസ്ഥാനത്തുടനീളം നടത്തപ്പെടും. വിവിധ സർക്കാർ പദ്ധതികളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും കർഷകരുമായി ആശയ വിനിമയം നടത്തി ഫീൽഡ് തലത്തിലെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ എത്തിക്കുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നതും പരിപാടിയുടെ ലക്ഷ്യമാണ്. ഓരോ കൃഷിഭവനിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ മറ്റ ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കും.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**